നമ്പർ.എൻ.ഇ.പി(3)/24983/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം,തിരുവനന്തപുരം,
തീയതി : 20/07/2019

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം - ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാർക്കും കൈറ്റ് നൽകുന്ന പ്രത്യേക ഐ.ടി ഏകദിന പരിശീലനം ക്രമീകരിക്കുന്നതു സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02/07/2019 ലെ KITE/2019/1234(51) നമ്പർ കത്ത്.

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം അക്കാദമിക നിലവാരം ഉയർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും പാഠാസൂത്രണങ്ങളും ഉൾപ്പെടുത്തിയ 'സമഗ്ര' പോർട്ടലിന്റെ രണ്ടാം പതിപ്പ് സജ്ജമാക്കിയിട്ടുണ്ട്. സമഗ്ര പോർട്ടലിന്റെ രണ്ടാം പതിപ്പ് പരിചയപ്പെടുത്തൽ, ഓൺലൈൻ അക്കാദമിക മോണിറ്ററിംഗ് സംവിധാനത്തിന്റെ ശരിയായ നടത്തിപ്പ്, ഹൈടെക് ഉപകരണങ്ങളുടെ പരിപാലനം, പരാതി പരിഹാര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തൽ, പ്രൊബേഷൻ പൂർത്തിയാക്കാനുള്ള അധ്യാപകരുടെ സ്കൂൾ പരിശീലനം, ലിറ്റിൽ കൈറ്റ്സ് പദ്ധതി തുടങ്ങിയ മേഖലകളിൽ ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും ഹയർ സെക്കന്ററി /വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാർക്കും കൈറ്റിന്റെ നേതൃത്വത്തിൽ ഒരു ദിവസത്തെ പ്രത്യേക ഐ.ടി പരിശീലനം നൽകുവാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത പരിശീലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ഹൈസ്കൂൾ/ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലെ എല്ലാ പ്രഥമാധ്യാപകരും ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഐ.ടി കോ-ഓർഡിനേറ്റർമാരും ജൂലൈ മാസം കൈറ്റ് സംഘടിപ്പിക്കുന്ന പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.

2) കൈറ്റ് തയ്യാറാക്കി ലഭ്യമാക്കുന്ന മൊഡ്യൂളുകൾക്കനുസരിച്ചായിരിക്കണം പരിശീലനം.

3) കൈറ്റ് ജില്ലാ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ആർ.ഡി.ഡി, എഡി, ഡി.ഡി.ഇ, ഡി.ഇ.ഒ മാരുമായി കൂടി ആലോചിച്ച് പരിശീലന തീയതിയും പരിശീലന കേന്ദ്രവും തീരുമാനിക്കേണ്ടതും സ്കൂളുകളെ അറിയിക്കേണ്ടതുമാണ്.

4) കുട്ടികളുടെ പഠനപ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ (ശനിയാഴ്ചകളിൽ) 2019 ജൂലൈ 30 നകം പരിശീലനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

5) പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പു വരുത്തുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരും കൈറ്റിന്റെ ജില്ലാ കോ-ഓർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

6) പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ഹാജർ, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ നിന്ന് ജനറേറ്റ് ചെയ്താണ് ഉപയോഗിക്കേണ്ടത്.

7) ഓരോ ബാച്ചിലും പരിശീലനത്തെക്കുറിച്ചുളള അധ്യാപകരുടെ ഫീഡ്ബാക് ശേഖരിക്കേണ്ടതും ആയത് ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ അതത് പരിശീലകർ കൃത്യമായി താമസംവിനാ ഉൾപ്പെടുത്തേണ്ടതുമാണ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ:-

1) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
2) എല്ലാ ആർ.ഡി.ഡി/എ.ഡി/ഡി.ഡി.ഇ മാർക്കും
3) എല്ലാ ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും
4) സ്റ്റോക്ക് ഫയൽ

a.r.20/7